


2018-19

# റിപ്പബ്ലിക്കൻ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ, കോന്നി

# ' പേജ് '

## ഡിജിറ്റൽ മാഗസിൻ
## 2018-19

# റിപ്പബ്ലിക്കൻ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ, കോന്നി



# പ്രണാമം



Late Shri Kallarethu K. R Madhavan Pillai

## അറിവിന്റെ
## അനന്തവിഹായസ്സിലേക്ക്

വിശ്വമാനവികതയ്ക്കുമേൽ
ആസുരശക്തികൾ
ആയുധംകൊണ്ട്
അലറിത്തിമിർക്കുന്നു.....
രക്തം കൊണ്ട്
കളമെഴുതിയവർ
ചീന്തിയെറിയുന്നത്,
ബന്ധങ്ങളെയും -
മൂല്യങ്ങളെയുമാണ്.
ഇവിടെ അതിജീവനത്തിന്
അക്ഷരങ്ങൾ അഭയമാകട്ടെ
ഭാവനയുടെ കാണിക്കകൾ
സൗരഭ്യം പരത്തട്ടെ.
അറിവിന്റെയനന്തവിഹായസ്സിലേക്ക് ഇതാ...

.

വർണ്ണക്കാഴ്ച്ചകളൊരുക്കി.....
ഈ **പേജ്** സമർപ്പിക്കുന്നു
സ്വീകരിച്ചാലും



എഡിറ്റർ
സുപ്രിയ.എസ്
9F

# നിർവാഹകസമിതി

ഹെഡ്മിസ്ട്രസ് — ശ്രീമതി ആർ. ശ്രീകല

സ്റ്റാഫ് എഡിറ്റർ — ശ്രീമതി എസ്. ശ്രീജ

സ്റ്റുഡന്റ് എഡിറ്റർ — സുപ്രിയ. എസ്

സ്റ്റാഫ്സെക്രട്ടറി — ശ്രീ. ആർ. ശ്രീകുമാർ

## അംഗങ്ങൾ

സുപ്രിയ.എം.വി (കൈറ്റ് മിസ്ട്രസ് )

ബിന്ദു.എൻ.ജി (എസ്.ഐ.റ്റി.സി)

സോബി.റ്റി.തോമസ് (കൈറ്റ്സ് ലീഡർ)

യദുകൃഷ്ണ. ബി

മീനാക്ഷി.ജി.ശിവൻ


അരവിന്ദ്.എസ്

അർജുൻ കുമാർ.എസ്

നിമ സാറാവർഗീസ്



കേരള സർക്കാർ



സി. രവീന്ദ്രനാഥ്
വിദ്യാഭ്യാസ മന്ത്രി

# സന്ദേശം

റിപ്പബ്ലിക്കൻ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ 2018-19 അദ്ധ്യയന വർഷത്തിൽ " **പേജ്** " എന്ന പേരിൽ ഒരു ഡിജിറ്റൽ മാസിക പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. പാഠ്യ-പാഠ്യേതര രംഗത്ത് വിദ്യാലയത്തിന്ആർജ്ജിക്കുവാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ രേഖപ്പെടുത്തുന്നതിനും വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും കലാ-സാഹിത്യ സൃഷ്ടികൾ പ്രകാശിപ്പിക്കുന്നതിനും വേദി ഒരുക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ഉദ്യമത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

സി . രവീന്ദ്രനാഥ്
വിദ്യാഭ്യാസമന്ത്രി



## സന്ദേശം

വിവര സാങ്കേതിക വിദ്യയുടെ ചിറകിൽ ലോകം പരിവർത്തനങ്ങളുടെ പാതയിൽ എത്തി നിൽക്കുന്നു. ക്ലാസ്സ്മുറിയുടെയും, ബോധനരീതികളുടെയും മാറ്റങ്ങൾ പഠനസമ്പ്രദായങ്ങളെ മാറ്റി മറിച്ചിരിക്കുന്നു. ഈ അവസരത്തിൽഈ സ്കൂളിലെ "ലിറ്റിൽ കൈറ്റ്സ് " അംഗങ്ങൾ തയാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധമായ ഭാവുകങ്ങളും നേരുന്നു.

എന്ന്

ആശംസകളോടെ,

ആർ. ശ്രീകല

ഹെഡ്മിസ്ട്രസ്

# OUR MANAGER



## ആശംസ

വിവര സാങ്കേതികവിദ്യാരംഗത്ത് കുട്ടികളുടെ കഴിവും അഭിരുചിയും വർദ്ധിപ്പിക്കുന്നതിന് ഐ.ടി.ക്ലബിന്റെ ഭാഗമായി രൂപീകരിച്ച"ലിറ്റിൽ കൈറ്റ്സ് " അംഗങ്ങൾ തയാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധമായ ആശംസകങ്ങളും നേരുന്നു.

Manager

Prof. M.K.Narendranath



## ആശംസ

പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്ക് ഐ.ടി മേഖല പരിചയമാകുന്നതിനായി രൂപീകരിച്ച "ലിറ്റിൽ കൈറ്റ്സിന്റെ **പേജ്** എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധമായ ആശംസകളും നേരുന്നു.

Rtd Headmaster
M K Ravindranath

# ആശംസ



**പഠനത്തിനോടൊപ്പം നൂതനസാങ്കേതിക വിദ്യയിലുംകുട്ടികളെ പ്രാപ്തരാക്കുന്ന ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ മാഗസിൻ പേജി ന് എല്ലാ ആശംസകളും**

Management Representative
S Santhosh Kumar

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



# താളുകളിലൂടെ


ലിറ്റിൽ കൈറ്റ്സ് ............................................................................ 8
മന്നാമിനുങ്ങ് ............................................................................ 10
എ ഫാദേഴ്സ് ലൗ ............................................................................ 12
കുട്ടിയും തള്ളയും ............................................................................ 14
മൈ ലിറ്റിൽ ഗോൾഡൻ സിസ്റ്റർ ............................................................................ 16
ഓർമ്മയിൽ വഴുതിവീണുപോയെന്മനം.......................................... 17
പ്രേമസംഗീതം ............................................................................ 19
സൗന്ദര്യ ലഹരി ............................................................................ 23
യൂണിറ്റി ............................................................................ 26
അശ്വതി ............................................................................ 27
എന്തെഴുതും എങ്ങനെയെഴുതും.................................................... 29
ഒരു പാവം കുട്ടിയുടെ കഥ.............................................................. 32
കാവേരി തൻ പുണ്യം.............................................................. 33
ഗുരുവാണ് സ്നേഹം.............................................................. 34
ചിത്രങ്ങൾ ............................................................................ 35
പോയ് മറഞ്ഞ നിലാവുകൾ.............................................................. 37
സുപ്രഭാതം ............................................................................ 39
യാത്രാനുഭവം ............................................................................ 40

# LITTLE KITES

'Little Kites' It club is an unique initiative of kites, which feature over 1 lakh student members. The Hi-School Kuttykkoottam programme,which was part of the Public Education Rejuventation mission of the state Government,through which students were given intense training in 5 area such as Animation,cyber safety,Malayalam computing, Hardware and electronics has been structurally upgraded in students police cadets model, Little Kites is set to become the largest student in IT network in the country.

Hon. chief minister, SRI Pinarayi Vijayan has launched this unique initiative on 22nd January 2018 at Trivandrum .

In addition to the already identified 5 Core areas, more topics have been added such as Development of Mobile apps, Programming, Robotics, E-commerce, E-Governance, Video, Documentation, Web T V etc... to the activity bouquet of LITTLE KITES

## OBJECTIVES OF LITTLE KITES PROGRAMMES

* To encourage the natural interest of students in ICT Field and to create a culture for appropriate usage of technology and software .
* To provide an oppertunity for students to learn the different prespectives of ICT tools, so as to make use of them for their learnning activities .
* To ensure participation of students in the usage and up keeping on ICT equipments at schools, thereby increasing the productivity of the school is ICT enabled learning .

* To empower students to undertaken minor technical issues of ICT equipments .

* To enrich students on proper and safe internet usage and Cyber security and also to inculcate the important of language computing .



Yedhu Krishna . B
9 G

********************************************************

# റിപ്പബ്ലിക്കൻ വി.എച്ച്.എസ്.എസ് കോന്നി



പ്രകൃതി മനോഹരമായ കോന്നിയുടെ ഹൃദയഭാഗത്ത് പ്രശാന്തമായ കുന്നിൻചരുവിൽ ഇന്ത്യ ൻ ജനാധിപത്യ ത്തിന്റെ പാവന നാമധേയവുമണിഞ്ഞ് നിലകൊള്ളുന്ന സരസ്വതിമന്ദിരമാണ് റിപ്പബ്ളിക്കൻ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്ക്രൂൾ.. സ്ക്രൂളിന്റെ ആരംഭകാലത്ത് കല്ലറേത്ത് ശ്രീ. എൻ.രാമൻ പിള്ളയും തുടർന്ന് കല്ലറേത്ത് ശ്രീ.കെ.ആർ.മാധവൻപിള്ളയും മാനേജർസ്ഥാനം വഹിച്ചിരുന്നു പിന്നീട് 1978 മുതൽ അദ്ദേഹത്തിന്റെ പുത്രൻ കല്ലറേത്ത് ശ്രീ.എം.കെ.നരേന്ദ്രനാഥ് മാനേജർ ആയി പ്രവർത്തിക്കുന്നു 2003 ൽ ആദ്യ മാനേജരായിരുന്ന കല്ലറേത്ത്

ശ്രീ.കെ.ആർ.മാധവൻപിള്ളയുടെ ആറ് മക്കൾ ചേർന്ന് കോന്നി റിപ്പബ്ളിക്കൻ എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റ് രജിസ്റ്റർ ചെയ്യുകയും സ്ക്രൂളുകളുടെ പ്രവർത്തനം ട്രസ്റ്റിന്റെ മേൽനോട്ടത്തിൽ നടത്തി വരികയും ചെയ്യുന്നു.

## പാഠ്യേതര പ്രവർത്തനങ്ങൾ

എൻ സി സി

വിദ്യാരംഗം

റെഡ്ക്രോസ്

ഐ റ്റി ക്ളബ്ബ്

സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്

സയൻസ് ക്ളബ്ബ്

സോഷ്യൽ സയൻസ് ക്ളബ്ബ്

മാത് സ് ക്ളബ്ബ്

ഇക്കൊ ക്ളബ്ബ്

ഇംഗ്ലീഷ് ക്ലബ്

ലിറ്റിൽ കൈറ്റ്സ് ക്ലബ്

സഞ്ചയിക പദ്ധതി

ലഹരിവിരുദ്ധക്ലബ്

## VHSE section







Prasanthi Public School

# കടങ്കഥകൾ

*        കൈയിൽ ഒതുങ്ങുന്ന ലോകം, കണ്ണിന് കൗതുകമേകുന്നു
*        ഒരു മേനിക്കുണ്ട് ഇരു നാവ്,എല്ലാം വെട്ടിനുറുക്കിടാം.
*        ചകോര നയനം വസ്തു വസ്തുനാമം ത്രയക്ഷരം
          മകാരാധ്യം ടികാരാധ്യം മദ്യം ചോല്ലുക ബുദ്ധിമാൻ.
*        ഒറ്റക്കണ്ണൻ ഭീമാകാരൻ മുകളിൽ കൂടി പറക്കുന്നോൻ
          ഉള്ളിൽ അനേകം ആളെ വിഴുങ്ങി വായു മുറിച്ചു
          കടക്കുന്നോൻ.
*        കട്ടി തടിയെന്നോർത്തീടും വെട്ടിയാൽ വെറും
          ന്യൂഡിൽസ് മാത്രം.
*        മഴയത്തും വെയിലത്തും കൺതുറക്കും ഒറ്റക്കാലേൽ
          ചന്തയ്ക്ക് പോകും.
*        കണ്ണുണ്ട് മൂക്കില്ല  ഉറങ്ങുമ്പോൾ കണ്ണടക്കില്ല.
*        അമ്പില്ല വില്ലുണ്ട് , ആരാലും പോകാൻ
കഴിയില്ല.
*        ആകാശം മുട്ടെ നിന്നീടും മയിലുപോലെ പീലി
          വിടർത്തും.



ഉത്തരങ്ങൾ          മോബൈൽ, കത്രിക, മഞ്ചാടി,
വിമാനം, കൗങ്ങ്,  കുട, മീൻ,മഴവിൽ, തെങ്ങ്.

നിമാ സാറാ

7G

# ചിത്രങ്ങൾ







൯G

ഇൻസാം മുഹമ്മദ്

# A FATHER'S LOVE

Once, there was a rich farmer . He had a big house to live in and plenty of good food to eat. He had many servants to work for him. The farmer had two sons . The elder one was good and sincere. He went out to work in the fields every day. The younger son was lazy. He did not do any work. He wasted his father's money on the good things in life.

One day, the younger son went to his father and said,'Father, give me my share of the property. I want to go and see the world .The father was unhappy. He said to him Son,'you are too young to go out all alone . Nothing is lacking in this house. Do stay with me'. But the son did not listen to his advice.

At last, the father was compelled to give him his share it was a large sum of money. The younger son left home and went to a far off country. There he spent all his money on bad companions. When all his money was over his friends went away one by one leaving him alone. He was hungry. But he had no money to buy food. So he went to a citizen of that country and asked for a job. The man asked him to take care of his pigs in the farm. The young man ate take care of pigs in the farm. The young man ate the left over food of the pigs and drank dirty water.

There was a famine in the country. So the young man could not even get pig's food to eat. He began  to stare. His clothes were torn. Now the young man thought of his father and the comforts he had in his house. He said to himself, 'in my father's house, even the servants and good food and wear fine clothes. Let me go back to my father I will fall at his feet and ask him to give me. I will tell him that lam not fit

to be called his son and to accept me as one of his servants'. So the young man got up and went back to his father. From a distance his father saw him. He was anxiously waiting for his son's return. The father ran towards his son, hugged and kissed him. His son cried and said, “Father, I am sorry.....”. Before he could complete his words,his father took him inside the house happily.

The loving father called his servants and said, “Bring out the best clothes for him. Put a ring on his finger and a pair of shoes on his feet. Prepare a grand feast for him. My son, who was dead, is alive now. He was lost and is found”. So they began to make marry. There was much joy in that house.

Akhila.R

6 F

***************************



## കുട്ടിയും തള്ളയും

പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി,
പൂക്കുന്നു തേന്മാവു, പൂക്കുന്നശോകം;
വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ, പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾപോലെ.

എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു;
ഉല്ലാസമീ നീണ്ട കൂകൂരവത്താ-
ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ.

കാണുന്നിതാ രാവിലേ പൂവു തേടി
ക്ഷീണത്വമോരാത്ത തേനീച്ച കാട്ടിൽ
പോണേറെയുത്സാഹമുൾക്കൊണ്ടിവയ്ക്കെ-
ന്തോണം വെളുക്കുന്നുഷസ്സായിതെല്ലാം?

പാടങ്ങൾ പൊന്നിൻനിറംപൂണ്ടു, നീളെ-
പ്പാടിപ്പറന്നെത്തിയീത്തത്തയെല്ലാം
കേടറ്റ നെല്ലിൻ കതിർക്കാമ്പുകൊത്തി-
ക്കൂടാർന്ന ദിക്കോർത്തു പോകുന്നു വാനിൽ.

ചന്തം ധരയ്ക്കേറെയായ് ശീതവും പോ,-

യന്തിക്കു പൂങ്കാവിലാളേറെയായി;

സന്തോഷമേറുന്നു, ദേവാലയത്തിൽ

പൊങ്ങുന്നു വാദ്യങ്ങൾ—വന്നൂ വസന്തം!

നാകത്തിൽനിന്നോമനേ, നിന്നെ വിട്ടീ

ലോകത്തിനാനന്ദമേകുന്നിതീശൻ

ഈ കൊല്ലമീ നിന്റെ പാദം തൊഴാം ഞാൻ

പോകൊല്ല പോകൊല്ല പൂക്കാലമേ നീ!

ചിന്തിച്ചിളങ്കാറ്റുതൻ നിസ്വനത്താ-

ലെന്തോന്നുരയ്ക്കുന്നു നീ?—ഞാനറിഞ്ഞു,

"എന്താതനാം ദേവനോതുന്നതേ ഞാ-

നെന്താകിലും ചെയ്യൂ"വെന്നല്ലയല്ലീ?

*22 ഏപ്രിൽ 1910*

**കുമാരനാശാൻ**

**സമ്പാദക : നിമ സാറാവർഗീസ്**





# English Club





_ _**My Little Golden Sister**

My little golden sister
Ride a golden horse so slow;
She'll have to use a golden whip
A little golden fish
In a golden bowl has she :
And a golden bird is singing
On a golden cherry tree
To make her slow horse go
A smiling golden Buddha
In a golden temple stands
With a tiny golden body
In his gently golden hands



Niya Anna

## ഓർമ്മയിൽ വഴുതി വീണുപോയെന്മനം

ഈ മൗനമിന്നെന്റെ മിഴിയിൽ തിളങ്ങും
അനന്തമാം ഓർമ്മകൾക്കിടയിൽ ഉഴലും മനം .
നീണ്ടുനിവർന്നുകിടക്കും വാചകമില്ലിന്ന്
മനസ്സിൽ തിളങ്ങുന്നു നിൻ നറു പുഞ്ചിരി .

ഏകാകിയാണുഞാനീച്ചെറുമൂലയിൽ
സാന്ത്വനമേകാനണയെത്തൊരാളില്ല .
ഓർമ്മകൾ വന്നെന്നെകെട്ടിപ്പുണർന്നപ്പോൾ
രക്തത്തിൽ മുങ്ങിക്കുളിച്ചു ആ പാഴ്ശില .

പുഞ്ചിരി തൂകി വൃഥാ ചിരിക്കുന്നു ഞാൻ
കൂട്ടർ പറയും പൊട്ട തമാശ കേട്ട് .
നീന്തി കളിക്കുമപ്പോഴുമെന്മനം
നിന്നിലലിഞ്ഞയാ ഓർമ്മകൾ തഴുകുമ്പോൾ .

ചുറ്റും കൂടുന്നവർ നീയാണെന്നോർത്തു ഞാൻ
ഭ്രാന്തിയെപോലെ അലഞ്ഞ് നടക്കയായ് .
മറവിയോരനുഗ്രമെന്നു പുലമ്പുന്നോർ
പറയൂ ഇതെന്ത മറവിയായ് പാറാതെ.

പണ്ടമ്മയെന്നെ നോവിക്കുമ്പോഴെപോഴും
നീയല്ലോ എന്നെ മടിയിലിരുത്തിട്ട്
കരയല്ലെ കുഞ്ഞെകരഞ്ഞാൽ ഈ
ചേട്ടന്റെ കണ്ണുകൾ സമുദ്രം പോൽ പ്രക്ഷുബ്ദമായേക്കാം

അങ്ങനെ കൂടെയിരിന്നിട്ടും എന്തെ പോയ്
നീയെന്റെ അണയത്ത് നിന്നകലെ .
അറിയാതെ ഓർമ്മയിൽവിണുപോയെൻമനം
പണ്ടെന്നെയോർത്തു കരഞ്ഞോരേട്ടൻചൂണ്ടിൽ.



പാർവതി റാവു
10 G

# പ്രേമസംഗീതം

ഒരൊറ്റമതമുണ്ടു -ലകി,ന്നയിരാം പ്രേമം; അതൊന്നല്ലോ
പരക്കെ നമ്മെപ്പാലമൃതൂട്ടും പാർവണശശിബിംബം
ഭക്ത്യനുരാഗദയാദിവപുസ്സാപ്പരാത്മചൈതന്യം
പലമട്ടേന്തിപ്പാരിതിനെങ്ങും പ്രകാശമരുളുന്നു.
അതിന്നൊരരിയാം നാസ്തിക്യംതാൻ ദ്വേഷം; ലോകത്തി--
ന്നഹോ! തമസ്സാമതിലടിപെട്ടാലകാലമൃത്യു ഫലം.
മാരണദേവതയാമതു മാറ്റും മണവറ പട്ടടയായ്,
മട്ടുമലർവാടിക മരുപ്പറമ്പായ്, വാനം നാരകമായ്.

II

പദങ്ങളന്വയമാർന്നേ വാക്യം ഭവിപ്പു സാർത്ഥകമായ്;
ശ്രുതിയും താളവുമൊത്തേ ഗാനം ശ്രോത്രസുഖം നല്കൂ.
പരാർദ്ധസംഖ്യം പരമാണുഗണം പരസ്പരം ചേരും
ശരീരമുടയോന്നല്ലീ സകലം ചരാചരഗ്രാമം?
പരാനപേക്ഷം പ്രാണിക്കമരാൻ പഴുതില്ലൊരിടത്തും;
പരൻപുമാനും പ്രകൃതിസഹായൻപ്രപഞ്ചഘടനത്തിൽ.
പേർത്തും തമ്മിൽ പൃഥ്വ്യപ്തേജോവായ്വാകാശങ്ങൾ
പിണയുമേന്മേൽ സൃഷ്ടിയിലീശൻ; പിരിപ്പു സംഹൃതിയിൽ

വരിഞ്ഞു നില്പൊരു സു-മമളിയെത്തൻ വിശിഷ്ടഗന്ധത്താൽ
വിവിക്തവിരസം വീണ്ടും വീണ്ടും വിളിപ്പൂസവിധത്തിൽ
മധുവ്രതത്തിനു മട്ടുമലർ വേണം മനം കുളിർപ്പിപ്പാൻ
മലർന്ന പൂവിനു വണ്ടും വേണം മന്നിതു വിണ്ണാവാൻ
പ്രജകൾ ജഗത്തിൽ സുകൃതികൾ ജായാപതികൾ നട്ടും ശുഭമാം
പരസ്പരപ്രണയാമരതരുവിൻ ഫലപ്രകാണ്ഡങ്ങൾ
ചൂടാൻമലരും ഘനമായ്ത്തോന്നിനദോഹദകാലത്തിൽ
ചുമന്നിരിപ്പൂ ദുർഭരഗർഭം സുഖേന ജനയിത്രി
പിതാവു, മാതാ, വുടപ്പിറന്നോർ ബാന്ധവരിഷ്ടന്മാർ
പ്രേയസി, മക്കൾ, ഭുജിഷ്യർ തുടങ്ങി പ്രേമപരാധീനർ
പരിചരണോദ്യതർ പലജീവികൾതൻ പരിതഃസ്ഥിതിമൂലം
പദേപദേ നാം പ്രമുദിതർ കാണ്മൂ ഭവാബ്ധി ഗോഷ്പദമായ്

[ 3 ] III

പ്രപഞ്ചമുകുരം നമ്മുടെ രൂപം പ്രതിബിംബിപ്പിപ്പൂ;
പ്രപഞ്ചകുഹരം നമ്മുടെ ശബ്ദം പ്രതിധ്വനിപ്പിപ്പൂ;
പ്രപഞ്ചമസ്മദ്വചനാമ്രേഡനപണ്ഡിതമാം കീരം
പ്രപഞ്ചമസ്മൽഭാവവിഡംബന പാടവമാർന്ന നടൻ;
പ്രപഞ്ചഭൂമിയിൽവിതച്ചവിത്തിൻ ഫലത്തെ നാം കൊയ്‌വൂ;
പ്രപഞ്ചമരുൾവൂ പട്ടും വെട്ടും പകരത്തിനുപകരം.
വിളക്കു കൈവശമുള്ളവനെങ്ങും വിശ്വം ദീപമയം,
വെണ്മ മനസ്സിൽ വിളങ്ങിന ഭദ്രനു മേന്മേലമൃതമയം.

പേശലമല്ലൊരു വസ്തുവുമുലകിൽ പ്രേക്ഷകനില്ലെന്നാ,

ലീശ്വരസൃഷ്ടിയിലെങ്ങെങ്ങില്ലീയിതരേതരയോഗം?

പദാർത്ഥനിരതൻ പ്രകൃതിജഭാവം പരസ്പരാകർഷം;

പ്രാണികുലത്തിൻ പ്രഥമാത്മഗുണം പരസ്പരപ്രേമം.

നമിക്കിലുയരാം, നടുകിൽത്തിന്നാം, നൽകുകിൽ നേടി-ടാം;

നമുക്കു നാമേ പണിവതു നാകം നരകവുമതുപോലെ

മനവും മിഴിയും നാവും കരവും മന്നിൻ മാലകലാൻ

മഹാനുകമ്പാമസൃണിതമാക്കും മനുഷ്യർ ദേവന്മാർ

പാഷാണൗഷധിപക്ഷിമൃഗാദികൾ പല പല വടിവുകളിൽ

പ്രകൃതി ലസിപ്പൂ നമുക്കു ചുറ്റും പരമോത്സവദാത്രി.

പേർത്തും നമ്മിലുമവയിലുമൊപ്പം പ്രേക്ഷിപ്പോർക്കെല്ലാം

പ്രേമാത്മാവായ് വിലസും നമ്മുടെ പിതാവിനെക്കാണാം.

ഉലകാമുത്തമവിദ്യാലയമിതിലുപകാരോപനി,ഷ-

ത്തോതിക്കോനവനുപദേശിപ്പതുമുറക്കവേ കേൾക്കാം.

ഏകോദരസോദരർ നാമേവരു,മെല്ലാജീവികളും

ലോകപടത്തിൽത്തമ്മിലിണങ്ങിടുമോതപ്രോതങ്ങൾ

അടുത്തുനില്പോരനുജരെ നോക്കാനക്ഷികളില്ലാത്തോർ--

ക്കരൂപനീശ്വരനദൃശ്യനായാലതിലെന്താശ്ചര്യം?

അഹോ! ജയിപ്പൂ ജഗദാധാരമൊരത്ഭുതദിവ്യമഹ--

സ്സഖണ്ഡമദ്വയമചിന്ത്യവൈഭവമനാദിമദ്ധ്യാന്തം.

ആഴ് വാഞ്ചേരിത്തമ്പ്രാക്കളിലുണ്ടയ്യൻപുലയനിലു-
ണ്ടാദിത്യനിലുണ്ടണുകൃമിയിലുമുണ്ടതിൻ പരിസ്ഫുരണം
അരചർക്കരചനമടിമയ്ക്കടിമയുമഭിന്നർ; ഉള്ളിലവർ--
ക്കതിൽക്കൊളുത്തിന തിരിതാ-ൻ കത്തുവതന്തഃകരണാഖ്യം.

നമോസ്തുതേ മജ്ജീവനദായക! നടേശ! പരമാത്മൻ!
നരാഖ്യമങ്ങേ നർത്തകഗണമിതിൽ ഞാനുമൊരല്പാങ്ഗം.
വേഷമെനിക്കെന്തെന്നു വിധിപ്പതു വിഭോ! ഭവച്ചിത്തം;
വിശ്വപ്രിയമായ് നടനം ചെയ് വതു വിധേയനെൻകൃത്യം.

അരങ്ങുലയ്ക്കാനരചൻ മതിയാമതിനു കൊഴുപ്പേകാ-
നനുചരനാവാ, മണിയാടകളല്ലഭിനയമതു സിദ്ധം.
അകമേ നിലകൊണ്ടതാതുച്ചുവടുക,ളാമരുതെന്നതിരി-
ച്ചടിയനു കാട്ടിത്തരുവോനവിടുന്നന്യർ ധരിക്കാതെ.
അതൊന്നു കാണ്മാൻ മിഴികൾ തുറന്നാലന്നിമിഷംമുതൽ ഞാ-
നരങ്ങുമണിയറയും പുകഴും മട്ടാടാനതുചതുരൻ.
പരാപരാത്മൻ! ഭക്ത്യഭിഗമ്യൻ ഭവാനെയാർ കാണ്മൂ
ചരാചരപ്രേമാഞ്ജനമെഴുതിന ചക്ഷുസ്സില്ലാഞ്ഞാൽ?
പരസുഖമേ സുഖമെനിക്കു നിയതം, പരദുഃഖം ദുഖം;
പരമാർത്ഥത്തില്പ്പരനും ഞാനും ഭവാനുമൊന്നല്ലീ?
ഭവാനധീനം പരമെന്നുടലും പ്രാണനും; അവ രണ്ടും

പരാർത്ഥമാക്കുക പകലും രാവും; പ്രഭോ! നമസ്കാരം!

**ഉള്ളൂർ എസ് പരമേശ്വരയ്യർ** **മണിമഞ്ജുഷ** 1933

**സമ്പാദക : നിമ സാറാവർഗീസ്**

# SCIENCE FAIR

## STATE LEVEL WINNERS



**ANUGRAHA A J**

**SWATHY V ACHARYA**

**X A**





■ ഒന്നാം സ്ഥാനം

ജില്ലാ ശാസ്ത്രമേളയിൽ എച്ച്എസ് സയൻസ് പ്രോജക്ടിൽ ഒന്നാം സ്ഥാനം നേടിയ സോന ജോയി, എ. പൗർണമി (ആർവിഎച്ച്എസ്എസ്, കോന്നി).

## SCIENCE MAGAZINE

**SONA JOY XF**

**POURNAMI XE**

# സൗന്ദര്യലഹരി

പച്ചിലച്ചാർത്തിൻ പഴുതിങ്കലൂടതാ കാൺമൂ
പശ്ചിമാംബരത്തിലെപ്പനിനീർപ്പൂന്തോട്ടങ്ങൾ.
ഇത്തരം സൗന്ദര്യം ഞാൻ നുകരാൻ തുടങ്ങിയി-
ട്ടെത്ര കാലമാ,യെന്നാലിനിയും തീർന്നില്ലല്ലോ!

ഓരോരോ ദിവസവുമത്യനർഘമായീടും
ചാരുതയൊന്നീ ലോകഗാളത്തെപ്പുതുക്കുന്നു.
അല്ലെങ്കിൽ, പ്രാപഞ്ചികജീവിതത്തിനെ, നമ്മ-
ളെല്ലാരുമിതിൻമുൻപേ വെറുത്തുകഴിഞ്ഞേനെ!

പൂർവ്വദിങ്ങ്മുഖത്തിങ്കൽ സിന്ദൂരപൂരംപൂശി-
പ്പൂവിനെച്ചിരിപ്പിച്ചുവന്നെത്തും പുലരിയും;
മുല്ലമൊട്ടുകൾവാരി വാനിങ്കൽ വിതറിക്കൊ-
ണ്ടുല്ലാസഭരിതയായണയുംസന്ധ്യാ ശ്രീയും;

വാനിലുല്ലസിച്ചിടും വാര്മതിയൊഴുക്കുന്ന
പൂനിലാവിങ്കൽ കുളിച്ചെത്തിടും രജനിയും;-
എന്തിനിപ്രകൃതിയിൽ സൗന്ദര്യമയമായു-
ളെളന്തും,ഹാ ജീവിതത്തെ മധുരിപ്പിച്ചീടുന്നു!

കുളിർത്തമണിത്തെന്നൽ സൗരഭോന്മദം പൂണ്ടു
തളിർത്ത തരുക്കളെത്തഴുകിത്തളരവെ;
അന്തരംഗാന്തരത്തിലംബരാന്തത്തെയേന്തി-
ത്തന്തിരകളാൽ താളംപിടിച്ചു പാടിപ്പാടി

പാറക്കെട്ടുകൾതോറും പളുങ്കുമണി ചിന്നി-
യാരണ്യപ്പൂഞ്ചോലകളാമന്ദമൊഴുകവെ;
മരന്ദം തുളുമ്പുന്ന മലരിൽ ചുറ്റും കൂടി
മൂരളും തേനീച്ചകൾ പറന്നു കളിക്കവെ;

വല്ലികാനടികൾ നൽപല്ലവാകുലമായ
ചില്ലകൈയുകളാട്ടി നർത്തനം ചെയ്തീടവെ;
അറിയാതവരോടുകൂടി നമ്മളു,മേതോ
പരമാനന്ദപ്രവാഹത്തിങ്കൽ മുഴുകുന്നു.
ഈ വിധം മനോഹരവസ്തുക്കളെല്ലാം നമ്മെ-
"ജ്ജീവിക്കൂ, ജീവിക്കൂ," കെന്നൽബോധിപ്പിപ്പൂ നിത്യം.
"നുകരൂ,നുകരൂ,മത്സൗന്ദര്യം!"-നമ്മോടിളം-
മുകുളം വികസിച്ചു നെടുവീർപ്പിട്ടോതുന്നു.

"മുറുകെ മുകർന്നീടുകോമനേ, പിന്നെപ്പിന്നെ
മറവിക്കകത്തേയ്ക്കു വീണടിയേണ്ടോരെന്നെ!"
പാടലദലാധരം പേർത്തുമുച്ചലിക്കെ,ച്ചെ-
റ്റാടലാർന്നളിയോടു പനിനീർപ്പൂവർത്ഥിപ്പൂ.

å ജീവിതലഘുകാവ്യത്തിൻ പകർപ്പവകാശം
കേവലം മരണത്തിനുള്ളതാണെങ്കിലാട്ടെ;
നിത്യസുന്ദരമാകും, സ്നേഹഗീതിയാലതു
നിസ്തുലമാക്കിത്തീർക്കാനാവുകി, ലതേ കാമ്യം!

സായാഹ്നരാഗംപോലെ സർവ്വവും തേയാം, മായാം

പോയാലോ പോയി;-പിന്നെയൊന്നു, മില്ലെല്ലാം ശൂന്യം!
ഇന്നുനാമുള്ളോ,രില്ലാത്തവരായ്ത്തീർന്നിടേണം
പിന്നാലെവരുന്നോർക്കൊരന്ധാന്വേഷണത്തിനായ്.
ഇന്നലെ,ത്തേങ്ങിത്തേങ്ങിയെന്തിനോകരഞ്ഞു ഞാ-
നിന്നിനിച്ചിരിക്കട്ടെ;- നാളെഞ്ഞാനൊഴിഞ്ഞേയ്ക്കാം!
പുതുമേ, വീണ്ടും വീണ്ടും പുൽകുക ലോകത്തെ നീ
'മതി!'- യെന്നവളെക്കൊണ്ടോതിക്കാതൊരിക്കലും!

27-8-1108

ചങ്ങമ്പുഴ കൃഷ്ണപ്പിള്ള

**സമ്പാദക : നിമ സാറാവർഗീസ്**

# UNITY

The eyes are two, but
The vision is single .
The fingers are five in number,but
They function in unison .
A great variety of organs, but
They make one body
The ears are two, but
The function is one
The world is one, then
Why do we speak of different countries.?
We are human beings,then
Why do we speak of different religion.?

Meenakshy G Sivan

9 F



# അശ്വതി

നിറയെ കൈയ്യടികളുടെ ഇടയിൽനിന്ന് വിനയത്തോടെ അശ്വതി നടന്നു വന്നു . എല്ലാത്തിനും ഒന്നാം സ്ഥാനക്കാരിയാണ് അവൾ . സ്കൂൾ തലം മുതൽ സംസ്ഥാന തലം വരെ ഒന്നാം സ്ഥാനം . രണ്ടാം സ്ഥാനക്കാരുടെ മാർക്കും അവളുടെ മാർക്കും തമ്മിലെ അന്തരം വലുതായിരുന്നു . എല്ലാത്തിനും ഫുൾമാർക്ക്. എങ്കിലും അവൾ ഞങ്ങളുടെ സ്കൂളിൽ നിന്ന് മാറി തൃശൂരിലേക്ക് പോയി. അവിടെ ആണ് അവളുടെ അമ്മവീട്. അവൾക്ക് ഒരു ലക്ഷ്യമുണ്ടായിരുന്നു അത് ഐ.എ.എസ് പദവി ആയിരുന്നു എന്ന് ഞാൻ ഓർക്കുന്നു. അവൾ പോയശേഷം ഇടക്കിടയ്ക്ക് അവളുടെ ഫോട്ടോകൾ പത്രത്തിൽ വരുമായിരുന്നു. പതിയെ അതും നിലച്ചു.

വർഷങ്ങൾക്ക് ശേഷം ബാംഗ്ലൂരിലുള്ള ഒരു പഴയ സഹപാഠിയെ കാണാൻ പോയപ്പോഴാണ് അവൾ അടുത്ത ഫ്ളാറ്റിലാണ് അവൾ താമസിക്കുന്നതെന്ന്. ആദ്യം ഒരു അത്ഭുതം ആണ് എനിക്ക് തോന്നിയത് , പിന്നീട് അത് ആകാംക്ഷയായിമാറി. നേരം വേഗം വൈകാനായി ഞാൻ കാത്തിരുന്നു. ഞങ്ങളുടെ സ്കൂളിനു തന്നെ അഭിമാനമായിരുന്നു അവൾ . അങ്ങനെ വൈകുന്നേരം ആയി,ഞങ്ങൾ അവളുടെ ഫ്ളാറ്റിൽ ചെന്നു. അവൾതന്നെയാണ് വാതിൽ തുറന്നത് ആദ്യം കണ്ടപ്പോൾതന്നെ അവൾക്കു ഞങ്ങളെ മനസ്സിലായി. പണ്ടത്തെ പോലെ ആ ചിരി അവൾ പടർത്തി അപ്പോൾ ആ നുണക്കുഴി തെളിഞ്ഞു. അകത്തു ചെന്നപ്പോൾ അവളുടെ ഭർത്താവിനെ കണ്ടു. ചെന്നയുടൻ അവളുടെ ജോലിയെ പറ്റി തിരക്കാൻ ഞാൻ മറന്നില്ല, എന്തോ എന്റെ ചോദ്യത്തിൽ നിന്നും പൂർണ്ണമായും ഒഴിവാകുന്നതു പോലെയായിരുന്നു അവളുടെ പ്രതികരണം കുഞ്ഞു കരയുന്നു എന്നു പറഞ്ഞവൾ വഴുതി മാറി പതിയെ എനിക്ക് മനസ്സിലായി അവൾ തന്റെ വിഷമം മറ്റുള്ളവരെ അറിയിക്കാതിരിക്കാൻ ആണ് അവൾ ശ്രമിക്കുന്നതെന്ന് കാരണം അവൾ ഇന്ന് സാധാരണ ഒരു വീട്ടമ്മയാണ് അവളുടെ ഭർത്താവ് ഒരു സോഫ്റ്റ് വെയർ എൻജിനിയർ ആണ്.

പിന്നീട് എനിക്ക് മനസ്സിലായി അവളുടെ

**ഭർത്താവിന് അവളെക്കുറിച്ച് ഒന്നും തന്നെ അറിയില്ലായിരുന്നു എന്ന്. ഞങ്ങൾക്ക് അവൾ ആരായിരുന്നു എന്നും അവളുടെ ആഗ്രഹം എന്തായിരുന്നു എന്നും അദ്ദേഹത്തെ പറഞ്ഞു മനസ്സിലാക്കികൊടുത്തു . ശേഷം ഞങ്ങൾ അവിടെ നിന്ന് ഇറങ്ങി പോന്നു.**

**കുറച്ചു നാളുകൾക്ക് ശേഷം ഒരു ദിവസം ഞങ്ങളുടെ ഫ്ളാറ്റിന്റെ ഡോർ ബെൽ മുഴങ്ങി കേട്ടു അപ്രതീക്ഷിതമായ ആ വരവ് അശ്വതിയുടെതായിരുന്നു എന്നിൽ ഏറെ സന്തോഷമുണർത്തിയകാര്യം അവളോടൊപ്പം അവളുടെ ഭർത്താവും കുഞ്ഞും ഉണ്ടായിരുന്നു എന്നതായിരുന്നു.**

**എന്തോ സന്തോഷവാർത്തയും സ്വീറ്റ് ബോക്സുമായിയാണ് അവൾ എന്റെ അരികിലേക്ക് വന്നത് താമസിക്കാതെ തന്നെ അവൾ എന്നോടു തുറന്നു പറഞ്ഞു അവൾക്ക് ഐ.എ.എസിൽ സെലക്ഷൻ ലഭിച്ചിരിക്കുന്നു എന്ന്. ആ ദിവസം എന്റെ ജീവിതത്തിൽ മറക്കാൻ ആവാത്തതായിരുന്നു. അന്ന് എനിക്ക് അവളിൽ ആ പഴയ അശ്വതിയെ കാണാൻ സാധിച്ചു.**

**സിതാ ലക്ഷ്മി.എം**

**8 സി**



# എന്തെഴുതും, എങ്ങനെയെഴുതും.....

മാഗസീനിൽ എഴുതാൻ പറഞ്ഞപ്പോൾ മുതൽ തുടങ്ങിയതാണ് എന്തെങ്കിലും എഴുതണം എന്നുള്ള മോഹം. എന്റേതായ ഒരു സാഹിത്യസൃഷ്ടി ഇതിൽ ഉണ്ടാക്കണം. അതിനായി ഞാൻ തലപുകഞ്ഞിരുന്ന് അലോചിച്ചു. എന്തെഴുതും എങ്ങനെയെഴുതും?

എനിക്കൊരു രൂപവുമില്ല. അവസാനം ഒരു കവിതയാകട്ടെ എന്നു ഞാൻ കരുതി. കവിത എഴുതണമെങ്കിൽ ഏകാഗ്രമായി തനിച്ചിരുന്ന് ചിന്തിക്കണം. അന്ന് രാത്രി എല്ലാവരും ഉറങ്ങുന്നതും പ്രതീക്ഷിച്ച് ഞാൻ അനങ്ങാതെ കിടന്നു. എല്ലാവശത്തുനിന്നും കൂർക്കം വലികൾ ഉയരാൻ തുടങ്ങിയപ്പോൾ ഞാൻ പതിയെ പേനയും കടലാസും എടുത്തു. താടിക്കും കൈയ്യും കൊടുത്ത് ചിന്തമഗ്നയായി ഇരുന്നു മണിക്കൂറുകൾ. ഒരു വിവരം പോലും എഴുതാൻ കിട്ടുന്നില്ല. വിഷമിച്ച് തലതാഴ്ത്തി ഇരുന്നപ്പോഴാണ് ഒരാശയം എന്റെ മനസ്സിൽ ഉദിച്ചത്. രാത്രികാലങ്ങളിൽ പുറത്തിറങ്ങി ആകാശത്തിലേക്ക് നോക്കി വളരെനേരം നിന്നാൽകവിത വരുമെന്ന് എന്റെ സുഹൃത്ത് പറഞ്ഞുകേട്ടിട്ടുണ്ട് . ഒന്നു പരീക്ഷിച്ചു നോക്കിയിട്ടുതന്നെ കാര്യം! ഒച്ചയുണ്ടാക്കാതെ ഞാൻ വാതിൽ തുറന്നിട്ട് പുറത്തിറങ്ങി.

നല്ല നിലാവുള്ള രാത്രിയിൽ.....നക്ഷത്രങ്ങൾ ആകാശത്തു വെട്ടിതിളങ്ങുന്നു. ഞാൻ ആകാശത്തേക്ക് നോക്കി കുറേനേരം ഇരുന്നു. എന്റെ ഉള്ളിൽ ഒരു കവിതയും വന്നില്ല. എന്റെ ഉള്ളിൽ ഒരു കവിതയും വന്നില്ല. ഞാനെത്ര മണ്ടിയാണ്. ഞാൻ വിചാരിച്ചതു പോലെ കവിത എഴുതാൻ, എനിക്ക് കഴിയില്ല എന്ന യാഥാർത്ഥ്യം അപ്പോഴാണ് എനിക്ക് മനസ്സിലായത്. ആരുമറിയാതെ തിരിച്ച വീട്ടിനുള്ളിൽ കടന്ന് നിരാശയോടെ ഞാൻ കട്ടിലിൽ

ചുരുണ്ടുകൂടി. ലോകത്തുള്ള എല്ലാ കവികളോടും അങ്ങേയറ്റം ആദരവും ബഹുമാനം തോന്നിയ നിമിഷങ്ങളായിരുന്നു അത്.

പിറ്റേദിവസം സ്കൂളിൽ ചെന്നപ്പോൾ എല്ലാവരും കഥയും കവിതയുമൊക്കെയായി വന്നു. എനിക്ക് അവരോട് അസൂയതോന്നി. ഇവർക്ക് എങ്ങനെയാണ് ഇത് സാധിക്കുന്നത്! ഒരു ശ്രമം കൂടി നടത്തികളയാം. ഇത്തവണ ഞാൻ തിരഞ്ഞെടുത്തത് എന്റെ വീടിനു സമീപമുള്ള ഒരു കുളക്കരയാണ്. സ്കൂളിൽ നിന്ന് വന്നയുടൻ കടലാസും പേനയുമെടുത്ത് ഞാൻ കുളക്കരയിൽ പോയിരുന്നു. നീർക്കാം കുഴിയിട്ട് മീൻ പിടിക്കുന്ന കൊക്കുകൾ ,വിശാലമായ റബർ തോട്ടങ്ങൾ , ഈ പ്രകൃതി ദൃശ്യങ്ങളൊന്നും എന്നിലെ കവിതയെ ഉണർത്തിയില്ല. അങ്ങനെ ശ്രമം ഞാൻ ഉപേക്ഷിച്ചു.

അന്ന് രാത്രി എല്ലാവരും ഉറങ്ങിക്കഴിഞ്ഞതിനു ശേഷം ഒരു കഥ എഴുതാനുള്ള പരിശ്രമവും ഞാൻ നടത്തി. രണ്ട് മൂന്ന് വാചകങ്ങൾ എഴുതുമ്പോൾ എന്റെ കഥ കഴിയും . അങ്ങനെ മലയാള ഭാഷയിലുള്ള എന്റെ ദാരിദ്രം എനിക്ക് മനസ്സിലായി. ഇനിയൊരു ലേഖനമായാലോ എന്തു വിഷയമാണ് ഞാൻ തിരഞ്ഞെടുക്കുക. തലയിൽ ഒരു പാട് ആശയങ്ങളുണ്ട്. ഒന്നും പ്രകടിപ്പിക്കാൻ പറ്റുന്നില്ല, അപ്പോഴാണ് അലമാരയിൽ ഇരിക്കുന്ന പുസ്തകങ്ങൾ എന്റെ ശ്രദ്ധയിൽപ്പെട്ടത്.

പുസ്തകത്തിൽ നിന്ന് എന്തെങ്കിലും മോഷ്ടിച്ചാലോ? സാഹിത്യമോഷണത്തെപറ്റി ഞാൻ കേട്ടിട്ടുണ്ട്.വേണ്ടാ, മോഷണം ഞാൻ ഇഷ്ടപ്പെടുന്നില്ല. എന്തായാലും എന്റെ ഈ ആഗ്രഹം എന്റെ പ്രിയ സുഹൃത്തുകൂടിയായ എന്റെ അമ്മയോട് തുറന്നു പറയുവാൻ തീരുമാനിച്ചു .

എന്റെ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണുന്ന എന്റെ പ്രിയപ്പെട്ട അമ്മ പറഞ്ഞു . “നീ വിഷമിക്കേണ്ട . നിന്റെ വിഷമാവസ്ഥ തന്നെ നീ മാഗസീനിലേക്ക് രചനയ്ക്കുള്ള വിഷയമാക്കിക്കൊള്ളൂ അങ്ങനെ എന്റെ ആഗ്രഹസഫലീകരണത്തിന് എന്റെ അമ്മതന്നെ പരിഹാരം കണ്ടു .

ഒരായിരം നന്ദി ..........



സ്നേഹ സതീഷ്
൯ എഫ്

# ഒരു പാവം കുട്ടിയുടെ കഥ

ഒരിക്കൽ ഒരു ഗ്രാമത്തിൽ ഒരു പാവപ്പെട്ട കുടുംബം ഉണ്ടായിരുന്നു. ആ വീട്ടിൽ ഒരു ഉമ്മയും ബാപ്പയും മകളും ഉണ്ടായിരുന്നു. ദാരിദ്ര്യത്തിൽ നിന്നുകൊണ്ട് അവർ അതിനെ മറികടന്ന് സന്തുഷ്ടരായി കഴിഞ്ഞു അങ്ങനെ കുറെ നാളുകൾക്ക് ശേഷം അവളുടെ ബാപ്പയ്ക്ക് അസുഖം ബാധിച്ച് കിടപ്പിലായി. അവരുടെ കുടുംബം ഏറെ കഷ്ടതകൾ അനുഭവിച്ചു. അങ്ങനെ അവളെ അമ്മ ഹോസ്റ്റലിൽ കൊണ്ടാക്കി. അന്ന് അവൾക്ക് ആറു വയസ്സെ ഉണ്ടായിരുന്നുള്ളൂ. അങ്ങനെ കുറെ നാളുകൾ കഴിഞ്ഞപ്പോൾ അവളുടെ ബാപ്പ മരണത്തിന് കീഴടങ്ങി. അങ്ങനെ കുറെ ദിവസങ്ങൾക്ക് ശേഷം അവളുടെ ടീച്ചർ അവളോട് ചോദിച്ചു നിനക്ക് ആര് ആകാനാണ് ഇഷ്ടം . അവൾ മറുപടി പറഞ്ഞു എനിക്ക് പഠിച്ച് വലിയ ഒരു ജോലി കിട്ടി. അതിൽ കിട്ടുന്ന പൈസയ്ക്ക് എന്റെ ഉമ്മയേയും ബാപ്പയേയും നോക്കി അവരുടെ കൂടെ ജീവിക്കാനാണ് എനിക്ക് ഇഷ്ടം .അങ്ങനെ അവൾ പഠിച്ച് പഠിച്ച് വലുതായി. അവൾ ഒരു ഡോക്ടർ ആയി . അതു കഴിഞ്ഞ് അവൾ ഉമ്മേയുടെ ബാപ്പയുടെയും അടുത്ത് വന്നു. അവൾ വീട്ടിൽ വന്നപ്പോൾ ആണ് അറിഞ്ഞത് അവളുടെ ബാപ്പ മരിച്ചുപോയ കാര്യം. അപ്പോൾ അവളുടെ ഉമ്മ അവളോടു പറഞ്ഞു മോളേ നീ എത്ര ഉന്നതനിലയിൽ എത്തിയാലും നിന്റെ മുമ്പിൽ വന്ന് യാജിക്കുന്നവരെ വെറും കയ്യാൽ വിടുയക്കരുത്ത. ഈ കാര്യം നീ മരിക്കുന്നതു വരെ ഓർത്തിരിക്കണം . ഇതും പറഞ്ഞ് രണ്ടു ദിവസത്തിന് ശേഷം അവളുടെ ഉമ്മ മരിച്ചുപോയി.



സുമയ്യ ,
8 എ

# <u>കാവേരി തൻ പുണ്യം</u>

കാവേരി തൻ തീരത്തിൽ
കലയുടെ പുണ്യം സ്രീരംഗം
അഗസ്ത്യ ഹൃദയ കമണ്ഡലു നിറയ്ക്കും
അമര സായൂജ്യം നീ അമൃത വാത്സല്യം
തിരുക്കുറൽ മുത്തുകൾ അമ്മാനമാടും
നിൻ തിരക്കൈകൾ തീരത്തെ തൊടുമ്പോൾ
തുഞ്ചന്റെ കിളിയോ തമിഴ് മൊഴിയോ
സിന്ദൂരം ചാലിച്ച സന്ധ്യകളെ.........(കാവേരി)
ത്യാഗരാജനെ ദീക്ഷിതരെ
ശ്യാമരാഗം പഠിപ്പിച്ച കാവേരി
നീയൊഴുകാതൊരു മനസ്സുകളുണ്ടോ
നീലാംബരി പാടും ചെന്തമിഴിൽ
മുത്തമിഴിൽ......... (കാവേരി)

സ്നേഹ.പി
5 ഇ

# <u>ഗുരുവാണു സ്നേഹം</u>

ഗുരുവാണ് സ്നേഹം ഗുരുവാണ് ലോകം
പരമപവിത്രമാം പൊരുളാകും നാമം
അവിടുത്തെ ചരണം അടിയന്റെ ശരണം
അരവിന്ദനയനം അതിലെന്റെ  വലയം
അറിവിന്റെ  അരണി കടഞ്ഞുകടഞ്ഞു നീ
അടിയന്റെയകതാരിൽ അഗ്നികൊളുത്തുമ്പോൾ,ഗുരുവേ
ചിരകാലസുക്രൃതം ചിറകാർന്ന നിമിഷം
ചിന്തയിൽ നിറയും ചിന്മയ രൂപം        (ഗുരുവാണ്)
അവിടുത്തെ മനസ്സിൽ നിറഞ്ഞു വിളങ്ങുമാ
അറിവിലന്റെ ആകാശം തൊട്ടുവിളിക്കുമ്പോൾ,ഗുരുവേ
ചതുർവേദ പൊരുളേ ശരണം നിൻ ചരണം
സന്തതമുലകിൽ ബന്ധുവും നീയെ   (ഗുരുവാണ്)




**സ്നേഹ.പി**

# ചിത്രങ്ങൾ









സുജിത്ത്
X G




അഭിജിത്ത് എം ശ്രീധർ
X F



## _പോയ് മറഞ്ഞ നിലാവുകൾ

കാത്തിരിക്കുന്നു ഞാൻ ഖെതമോടെ
നിന്റെ ആഗമനത്തിനായി മൂകനായി
എത്തിയില്ലന്നുമെൻ വീട്ടുമുറ്റത്ത് നി
നിന്നെ നിനച്ചീ ഏട്ടനെന്നും..........

മണ്ണപ്പം ചുട്ടു കളിച്ചതും
മുറ്റത്ത് അക്ക് വരച്ച് കളിചതും നീ......
ഓർക്കാതെ നിയീ ഏട്ടന്റെ മാനസം
വിട്ടുപിരിഞ്ഞു നീ പോകയാണോ.......

മൂവാണ്ടൻ മാവിന്റെ കോമ്പത്തിരന്നു നീ.......
മാങ്ങനുണഞ്ഞതും ഓർമ്മയില്ലെ .
ഓർക്കുന്നു ഞാൻ കുരുന്നെ നിന്റെ പുഞ്ചിരി
മാഞ്ഞതെങ്ങോട്ടെന്നറിയുകില്ല........
അമ്മയുണ്ടാക്കിയ പാലട പായസം
പങ്കിട്ടു തിന്നത് മറന്ന് പോയോ.......
മറന്നില്ല ഞാനീ കോഞ്ചലിൻ തേനോലി
കെഞ്ചി കരയുമാ മിഠായിക്ക്............
മയിലിന്റെപീലിക്കായ് വാശി പിടിച്ചതും
തുമ്പിയെ വേണമെന്നോതിയതും
ഓർക്കുന്നു ഞാൻ കുരുന്നെ നിന്റെ പുഞ്ചിരി
തിരികെ വരില്ലയാ കാലമോന്നും........

അന്നോരു രാവിലെ ഏതോ ദുസ്വപ്നം പോൽ
എന്നരുമ കുഞ്ഞുമതിനിരയിലോന്നായ്.......
സ്കൂൾ ബസ്സ വീട്ടിൽ തിരികെയണഞ്ഞപ്പോൾ
എൻ കൺമണിയെ കാൺമതില്ല........

അന്നെക്ക് നാലാം ദിവസമേതോ കടൽ
തീരത്തണഞ്ഞെൻ കഞ്ഞിൻ ജഡം
എന്നറിഞ്ഞാവേള എൻ മനം നോന്തത്
എത്ര മാത്രം എന്നറിയുകില്ല........

വേതന പൂണ്ട് ഞാനവിടെക്ക് ചെന്നപ്പോൾ
ആരോക്കയോഎന്നെ പിൻതിരിച്ചു...............
അതു കേൾക്കാതവിടേക്ക് നീങ്ങിയ എന്നുടെ
ഇടനെഞ്ചറിയാതെയോന്നു തേങ്ങി.........

ഇത്തലമുറയിലെ മാനുഷർക്കോന്നുമെ
ജീവിതം എന്തെന്നറിയുകില്ല.................
ഇന്ത്യയോരു സാഹോദര്യ നാടാണെന്ന്
ഇന്ത്യക്കാർ തന്റെ പ്രതിജ്ഞയല്ലോ.......

എന്നിട്ടുമെന്തിനി ക്രൂരത മാനുഷർ
നമ്മൊടട്ട ചെയ്യുന്നു ലജ്ജയില്ലെ.....
കുത്തലും വെട്ടലും നാടാകെ ചോരയിൽ
മുങ്ങികിടക്കുന്നു ഭൂപടത്തിൽ..........

സുപ്രിയ.എസ് , 9 F

## സുപ്രഭാതം

ആകാശം ചുവന്ന തുടുത്തനേരം
സ്വർണവെയിലിൽ തിരുമുറ്റം കുളിച്ചനേരം
പൂക്കൾ തൻ നറുമണം പേറിയപ്പോൾ
മന്ദമാരുതൻ എന്നെ വന്ന് തലോടി

മുറ്റത്തെ ചെടികളിൽ മുത്തുമണി പോലെ
തിളങ്ങി തെളിഞ്ഞു മഞ്ഞു കണങ്ങൾ
കാറ്റിൽ തലയാട്ടി നിൽക്കും മരചില്ലയിൽ
ഏതോ കിളികൾ തൻ കളകൂജനങ്ങൾ

അയലത്തു വീട്ടിലെ കൂട്ടിൽ നിന്നും
പൂവൻ കോഴി തന്നുണർത്തൻ ഉണർത്ത്പാട്ട്
അക്കരപറമ്പിലെ മരത്തിൽ നിന്നും
കോച്ചകുയിലിന്റെമധുര ഗീതം

ഉച്ചത്തിൽ മുഴങ്ങി കേൾക്കുമാ
അമ്പലമണിതൻ  ഈണനാദം
ദൂരത്തായ്  കാണും പള്ളിയിലെ
പ്രാർഥനയുടെ ഇമ്പഗാനം

എത്ര സുഖമാണെന്തോരുന്മേഷമാണി
സുപ്രഭാതത്തിലുണർന്നെണീക്കാൻ
ഊർജദായമാണീപ്രഭാതം
ഉത്സാഹമേകുമീ സുപ്രഭാതം

**നിയ അന്ന ബിജു      7 E**

# യാത്രാനുഭവം

വേനലവിധിയിൽ ഞാൻ മൂന്നാറിൽ പോയിരുന്നു .
മൂന്നാറിലെ പ്രകൃതിയെ തിരിച്ചറിയാൻ എനിക്ക് സാധിച്ചു.
മൂന്നാറിലെ തണുപ്പാണ് എന്നെ ഏറെ
ആകർഷിച്ചത്.

മൂന്നാറിലെ രാമക്കൽ മേട് , പാഞ്ചാലി മേട്, കുറവൻ കുറത്തി മല തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിക്കാൻ സാധിച്ചു .ഞങ്ങളുടെ കുടുമ്പവും അച്ഛന്റെ കൂട്ടുകാരുടെ കൂടുംബവും എന്നിവരോടൊപ്പമാണ് ഞാൻ മൂന്നാറ് സന്തർഷിക്കാൻ പോയത് മലകളാൽ സമ്പന്നമാണ് മൂന്നാർ . അവിടുത്തെ മലകളിലെ ഉയരങ്ങൾതാണ്ടിയാൽ ആ തണുപ്പിന്റെ തീവ്രത നമുക്ക് അുനുഭവപ്പെടും.
ഇവിടെ  ചരിത്രം ഉറങ്ങി കിടക്കുന്ന ഒരുപാട് സ്ഥലങ്ങൾകാണാൻ സാധിക്കും.പ്രകൃതിയിലേക്ക് ഇറങ്ങി ചെല്ലാൻ കഴിഞ്ഞതും അതിന്റെ സൗന്ദര്യാമ്ശങ്ങൾ തിരിച്ചറിയാൻ സാധിച്ചതിലും ഞാൻ സന്തോഷംകൊള്ളുന്നു. രണ്ട് ദിവസത്തെ യാത്രയായിരുന്നു അത്.യാത്രക്കിടയിൽ ഒരു സീരിയൽ നടനേയും നടിയേയും കാണാൻ സാധിച്ചു .അവർ പോയ കാറിന് പിറകെ ഞങ്ങളും പോയിരുന്നു ഒരു പഠന യാത്ര എന്ന് വേണമെങ്കിൽ പറയാം.  അന്നും ഇന്നും

എന്നും മനസ്സിന്റെ അടിത്തട്ടിൽ മായാതെ
കിടക്കുന്ന ഒരു യാത്രയാണത്.

കാവ്യ സന്തോഷ്
9C



## മിന്നാമിനുങ്ങ്

**ഇ**തെന്തൊരാനന്ദമിതെന്തു കൗതുകം!
സ്വതന്ത്രമായ് സുന്ദരമിപ്രഭാകണം
ഇതാ പറന്നെത്തിയടുത്തു ഹാ! പറ-
ന്നിതാ തൊടുമ്മുമ്പിതു വിണ്ണിലായിതേ!

ഉടൻ മടങ്ങുന്നിത, പൂത്തിരുട്ടിലായ്-
ക്കിടന്ന വേലിച്ചെടിതന്റെ തുമ്പിതിൽ;
ചുടുന്നതില്ലിച്ചെറുതീയതൊന്നുമേ!
കെടുന്നുമില്ലീ മഴയത്തുപോലുമേ!

ഇരിക്കൊലാ പൊങ്ങുക, വിണ്ണിലോമനേ,
ചരിക്ക നീ മിന്നിമിനുങ്ങിയങ്ങനെ,
വരിഷ്ഠമാം തങ്കമുരച്ച രേഖപോ-
ലിരുട്ടു കീറുന്നൊരു വജ്രസൂചിപോൽ.

സ്ഫുരിക്കുമീ നിന്നുടലിൻ പദാർത്ഥമെ-
ന്തുരയ്ക്ക, മിന്നൽപ്പിണരിൻ സ്ഫുലിംഗമോ?
വിരഞ്ഞുപോം താരഗണങ്ങൾ തമ്മിലാ-

ഞുരഞ്ഞുപാറും പൊടിയോ, നിലാവതോ?

പുളഞ്ഞിടുന്നെന്മനതാരഹോ! വെറും

വെളിച്ചമേ, വാ കിളിവാതിലൂടെ നീ,

വിളിച്ചുകേളാത്തവിധം ഗമിക്കിലാ-

മൊളിച്ചിടാൻ കള്ള, നിനക്കു വയ്യെടോ!

**കുമാരനാശാൻ**

**സമ്പാദക : നിമ സാറാവർഗീസ്**


NATIONAL CADET CORPS
THAL SAINIK CAMP 2018
14 KERALA BN NCC
Megha Nair
PATHANAPURAM
AMEER
Gvhss, Kalanjoor
UO SOJAN A
Pathanapuram
CDT. AKHAS
GVHSS KALANJOOR
CDT ATHIRA V.J
Gurukulam
CDT ARYA KRISHNAN
Gvhss
CDT ANJU P NAIR
SNDP YOGAM
KONNI
CDT DEVAN
RVHSS
KONNI
CDT NIRANJAN
GURUKULAM
MALAYALAPPUZHA
CDT ATHIRA A
GVHSS KALANJOOR


യോഗാദിനം




# ചിത്രപ്രദർശനം



അക്ഷരങ്ങളുടെ
ലോകത്തേക്ക്....
സാങ്കേതിക വിദ്യയുടെ
മുദ്രണങ്ങൾ....

മനസ്സിന്റെ
താളുകളെ
വർണാഭമാക്കാൻ
ഈ പേജുകൾ
ഭാവനയുടെ
വളപ്പൊട്ടുകൾ
ചാർത്തിയവർക്ക്....
പിന്തുണയേകിയവർക്ക് .....
ഒപ്പം നിന്നവർക്ക്....

## നന്ദി.....

എഡിറ്റർ




നന്ദി......